**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾക്ക് ഹിമാചൽ പ്രദേശ്, സിക്കിം എന്നിവിടങ്ങളിലേക്ക് ഒരു പഠന സന്ദർശന പരിപാടി ആർ.ജി.എസ്.എ ഫണ്ടിൽ ഉൾപ്പെടുത്തി സംഘടിപ്പിക്കുന്നതിനും, വിമാനയാത്രയ്ക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**തദ്ദേശ സ്വയംഭരണ (ഇ എം) വകുപ്പ്**

**G.O.(Rt)No.2728/2019/LSGD** തിരുവനന്തപുരം, തീയതി, 02/12/2019

==================================================================

പരാമർശം :- 1. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 29/04/2019 ലെ അപേക്ഷ

2. കില ഡയറക്ടറുടെ 24/06/2019 – ലെ കില/2019/101/2917/ എച്ച്ക്യു നം. കത്ത്.

**<u>ഉത്തരവ്</u>**

ജില്ലാ ആസൂത്രണ സമിതി അംഗങ്ങളുടെ അനുഭവ പരിജ്ഞാനവും പ്രായോഗിക വിജ്ഞാനവും വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന തരത്തിൽ തൃശ്ശൂർ ഡിപിസി അംഗങ്ങളെ ഉൾപ്പെടുത്തി പഠന സന്ദർശന പരിപാടി സംഘടിപ്പിക്കണമെന്ന് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സൂചന (1) പ്രകാരം കില ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത ആവശ്യം പരിഗണിച്ച്, തൃശ്ശൂർ ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾക്ക് ഹിമാചൽ പ്രദേശ്, സിക്കിം എന്നിവിടങ്ങളിലേക്ക് ഒരു പഠന സന്ദർശന പരിപാടി, കിലയ്ക്ക് കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം അനുവദിച്ച ആർ.ജി.എസ്.എ ഫണ്ടിൽ ഉൾപ്പെടുത്തി സംഘടിപ്പിക്കുന്നതിനും വിമാനയാത്രയ്ക്കും അനുമതി നൽകണമെന്ന് സൂചന (2) കത്ത് മുഖേന കില ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ച് തൃശ്ശൂർ ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾക്ക് ഹിമാചൽ പ്രദേശ്, സിക്കിം എന്നിവിടങ്ങളിലേക്ക് ഒരു പഠന സന്ദർശന പരിപാടി കിലയ്ക്ക് കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം അനുവദിച്ച ആർ.ജി.എസ്.എ. ഫണ്ടിൽ ഉൾപ്പെടുത്തി സംഘടിപ്പിക്കുന്നതിനും, വിമാനയാത്രയ്ക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബീനമോൾ കെ.ജെ.**

**ഡെപ്യൂട്ടി സെക്രട്ടറി**

ഡയറക്ടർ, കില, തൃശ്ശൂർ.

സെക്രട്ടറി, ജില്ലാ പഞ്ചായത്ത് തൃശ്ശൂർ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പ് വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ